LIBRARY ARCHIVES Kerala Legislative Assembly

പോലീസ് കോൺസ്റ്റബിൾ ഒഴിവുകൾ

194 (3827)ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014-ൽ നിലവിൽ വന്ന പി.എസ്.സി.-യുടെ കേരള പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ ലിസ്റ്റിൽനിന്നും എത്ര പേരെ ഇതുവരെ നിയമന ശുപാർശ ചെയ്തു ; എത്ര ഒഴിവുകൾ നിലവിലുണ്ട് ;

(ബി) 2011-2014 സാമ്പത്തിക വർഷ കാലയളവിൽ പോലീസ് സേനയിൽ ഉണ്ടായ റിട്ടയർമെൻറ് ഒഴിവുകൾ എത്ര ; ഇവയിൽ എത്രയെണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തു ; ഇവയുടെ ജില്ലതിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(സി) ഇടുക്കി ജില്ലയിൽ മാത്രം എത്ര ഒഴിവുകളുണ്ടെന്ന് അറിയിക്കാമോ ;

(ഡി) പ്രസ്തുത ലിസ്റ്റിൽനിന്നും എത്രദിവസത്തിനകം നിയമനം നടത്തും എന്നറിയിക്കാമോ ?

ഉത്തരം

(എ) 2014-ൽ നിലവിൽ വന്ന പോലീസ് കോൺസ്റ്റബിൾ തസ്തികയുടെ റാങ്ക് ലിസ്റ്റിൽനിന്നും 1479 പേരെ നിയമന ശിപാർശ ചെയ്തിട്ടുണ്ട്. നിലവിലെ ഒഴിവുകൾ എത്രയെന്ന് ശേഖരിച്ചു നൽകുന്നതാണ്.

(ബി-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങൾ

195 (3828) ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിവിധ കേസുകളിൽപ്പെട്ട് പോലീസ് സ്റ്റേഷനുകളിൽ പിടിച്ചിട്ടിരിക്കുന്ന വാഹനങ്ങളുടെ ജില്ല തിരിച്ചുള്ള കണക്ക് വിശദമാക്കുമോ ;

(ബി) ഇവ ലേലം ചെയ്യുന്നതിനോ വിൽക്കുന്നതിനോ നിലവിലുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ ; ഇതിനു വേണ്ടിവരുന്ന ചുരുങ്ങിയ കാലാവധി എത്രയാണെന്ന് അറിയിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള എത്ര വാഹനങ്ങൾ ലേലം ചെയ്തു ; ഇതിൽ നിന്നും എന്ത് തുക സർക്കാരിന് ലഭിച്ചു ;

(ഡി) വാഹനങ്ങൾ നശിച്ചുപോകുന്നതിന് മുമ്പുതന്നെ ലേലം ചെയ്തു വിൽക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ ?